**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസ വകുപ്പ് - പ്രീപ്രൈമറി - സർക്കാർ സ്കൂളുകളിലെ പി.റ്റി.എ നടത്തുന്ന പ്രീപ്രൈമറി അദ്ധ്യാപിക/ആയ എന്നിവർക്ക് ആകസ്മികാവധി, പ്രസവാവധി എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(കൈ) നം. 110/2017/പൊ.വി.വ      തീയതി, തിരുവനന്തപുരം 07/09/2017

---

പരാമർശം:- 1. 07/12/2012-ലെ സ.ഉ (കൈ) 385/2012/പൊ.വി.വ

2. 25/04/2013-ലെ സ.ഉ (കൈ) 146/2013/പൊ.വി.വ

3. 18/07/2014-ലെ സ.ഉ (കൈ) 137/14/പൊ.വി.വ

4. 08/08/16-ലെ ശ്രീമതി. ഗിരിജ.എസ്, ഗവ. എൽ.പി.എസ് മുരുന്തവെളി-യുടെ അപേക്ഷ

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരം പി.റ്റി.എ യുടെ ആഭിമുഖ്യത്തിൽ സർക്കാർ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീപ്രൈമറികളിലെ അദ്ധ്യാപിക/ആയ എന്നിവർക്ക് ഓണറേറിയം നൽകിവരുന്നു. 01/08/2012 വരെ നിയമനം ലഭിച്ച എല്ലാവർക്കും ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്.

2. പരാർശം 1ന്റെ അടിസ്ഥാനത്തിൽ 07/12/12 ന് ശേഷം പി.റ്റി.എ) നിയന്ത്രണത്തിൽ പുതിയ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

3. മുരുന്തവെളി ഗവ. എൽ.പി.സ്കൂളിൽ പ്രീപ്രൈമറി ടീച്ചറായി ജോലി ചെയ്ത് ഓണറേറിയം ലഭിച്ചുവരുന്ന ശ്രീമതി. ഗിരിജ. എസ്. ബ്രസ്റ്റ് ക്യാൻസറിന് തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിൽ ആയതിനാൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 4 പ്രകാരം അപേക്ഷ നൽകിയിരുന്നു. ഇവർക്ക് യാതൊരുവിധ സ്പെഷ്യൽ റൂളും നിലവിലില്ലാത്തത് കാരണം അവധി തുടങ്ങിയ കാര്യങ്ങൾ നിർവചിക്കപ്പെട്ടിരുന്നില്ല. ആകസ്മികാവധി, പ്രസവാവധി എന്നിവ അനുവദിക്കാത്തത് കാരണം സ്ത്രീകളെന്ന നിലയിൽ ധാരാളം വിഷമതകൾ അനുഭവിക്കുന്നുണ്ടെന്നും, ആയതിനാൽ അവധി അനുവദിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനമുണ്ടാവണമെന്നും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകളെന്ന പ്രത്യേക പരിഗണന നൽകി പ്രീപ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും ഒരു വർഷത്തിൽ 15 ആകസ്മികാവധിയും ഓണറേറിയത്തോടുകൂടി 6 മാസം പ്രസവാവധിയും ക്യാൻസർ പോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയുള്ള അവധിയും അനുവദിച്ച് ഉത്തരവാകുന്നു. ഇത്തരത്തിൽ ടീച്ചർ/ആയ എന്നിവർ അവധിയിലായിരിക്കുന്ന സമയത്ത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പ്രധാനാദ്ധ്യാപകരും പി.റ്റി.എയും പകരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ശ്രീമതി. ഗിരിജ.എസ്, ഗവ. എൽ.പി.എസ്, മുരുന്തവെളി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ